# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി.1/743/2021dt.29-06-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 29/06/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി.1/743/2021dt.29-06-2021 തീയ്യതി: 29/06/2021

## കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 17-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം. വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ | 18-06-2021 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഇ.വി. ഹരി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഷൈന. എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ദിശ. ആർ. കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ജയൻ. പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഷിബിൻ. കെ.എസ്. ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സി.ടി.സി അബ്ദുള്ള | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.സി.പി. സുബൈർ | സെക്രട്ടറി | 01-04-2019 | 22-07-2019 |
| ശ്രീ.ജയ്സൺ . എൻ.ഡി | സെക്രട്ടറി | 22-07-2019 | 16-09-2019 |
| ശ്രീമതി. പ്രിൻസിയ മുഹമ്മദ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-09-2019 | 28-11-2019 |
| ശ്രീ.അനിൽ കുമാർ. എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-11-2019 | 08-12-2019 |
| ശ്രീ.സന്തോഷ്. സി | സെക്രട്ടറി | 09-12-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വേണുഗോപാലൻ നായർ . ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 21-07-2019 |
| ശ്രീമതി. പ്രിൻസിയ മുഹമ്മദ് | അസിസ്റ്റന്റ് സെക്രട്ടറി | 22-07-2019 | 31-03-2020 |
| ശ്രീ. അബ്ദുൾ കലാം ആസാദ്. പി.എ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ.എൻ. രാജേഷ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ഫെബിദ. എൻ.വി | അഗ്രികൾച്ചർ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. നൗഷാദ്.എം.എം. | മെഡിക്കൽ ഓഫീസർ , അലോപ്പതി | 01-04-2019 | 31-03-2020 |
| ഡോ. സുകു | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2019 | 10-10-2019 |
| ഡോ. ഗീത.വി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 11-10-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.ഗീത | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ. അനീഷ് കുമാർ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. ബിനി കുര്യൻ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ബിജി.പി.എസ് | വി.ഇ.ഓ | 01-04-2019 | 31-03-2020 |
| ശ്രീമതി. റൈഷ | വി.ഇ.ഓ | 01-04-2019 | 31-03-2020 |
| ശ്രീമതി. റുമൈസ | ഡി.ഇ.ഓ | 01-04-2019 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shyna A.K (Asst. Audit Officer, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-1 |
| 2 | ബജറ്റ് രേഖകൾ സൂക്ഷിച്ചില്ല<br>Written By: Shyna A.K (Asst. Audit Officer, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-1-1 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-2 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Shyna A.K (Asst. Audit Officer, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം )<br>Written By: Shyna A.K (Asst. Audit Officer, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Shyna A.K (Asst. Audit Officer, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shyna A.K (Asst. Audit Officer, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Shyna A.K (Asst. Audit Officer, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-7 |
| 9 | ക്യാഷ് ബാലൻസ്<br>Written By: Shyna A.K (Asst. Audit Officer, On 26-06-2021)<br>Last Updated By: E.V Hari (Audit Officer, On 27-06-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Shyna A.K (Asst. Audit Officer, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-9 |
| 11 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു<br>Written By: Shibin K S (Auditor, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-10 |
| 12 | രശീത് സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-11 |
| 13 | ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല<br>Written By: Shibin K S (Auditor, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-12 |
| 14 | തൊഴിൽ നികുതി-അപാകതകൾ<br>Written By: Shibin K S (Auditor, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-13 |
| 15 | ബിൽഡിംഗ് പെർമിറ്റ് അപാകതകൾ<br>Written By: Shibin K S (Auditor, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-14 |
| 16 | കെട്ടിടം പദ്ധതിയിൽ വിഭാവനം ചെയ്ത ആവശ്യത്തിന് ഉപയോഗിക്കുന്നില്ല | 1-15 |

| | | |
|---|---|---|
| | Written By: Jayan P (Senior Grade Auditor, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | |
| 17 | പഞ്ചായത്തിന്റെ ആസ്തിയിൽപ്പെടാത്ത സ്ഥലങ്ങളിൽ വിവിധ പ്രവൃത്തികൾ നടത്തി<br>Written By: Jayan P (Senior Grade Auditor, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-16 |
| 18 | പദ്ധതി സമയബന്ധിതമായി നടപ്പിലാക്കിയില്ല - പിഴ ഈടാക്കാതെ തുക നൽകി<br>Written By: Jayan P (Senior Grade Auditor, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-17 |
| 19 | മിനി എം.ആർ. എഫ് കേന്ദ്രം സ്ഥാപിച്ചില്ല - അനുവദിച്ച സർക്കാർ പണം വർഷങ്ങളായി തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു<br>Written By: Jayan P (Senior Grade Auditor, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-18 |
| 20 | 2019-20 വർഷം പൊതുമരാമത്ത് പ്രവർത്തികൾക്കായി നീക്കി വെച്ച തുകയിൽ പകുതിയും ലാപ്സായി<br>Written By: Jayan P (Senior Grade Auditor, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-19 |
| 21 | ചേലാംകുന്ന് കോളനി കുടിവെള്ള പദ്ധതി പ്രവർത്തി പൂർത്തിയാക്കിയില്ല<br>Written By: Jayan P (Senior Grade Auditor, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-20 |
| 22 | സ്പിൽ ഓവർ പദ്ധതികൾക്ക് തുക വകയിരുത്തിയെങ്കിലും നടപ്പിലാക്കിയില്ല<br>Written By: Jayan P (Senior Grade Auditor, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-21 |
| 23 | കൊടിയത്തൂർ ജി.എൽ. പി.സ്കൂൾ ഗ്രൗണ്ടിന് സ്ഥലം അകവയർ ചെയ്യൽ - സമയ ബന്ധിതമായി നടപടികൾ പൂർത്തിയാക്കാത്തത് ഗ്രാമ പഞ്ചായത്തിന് ബാധ്യതയാകുന്നു.<br>Written By: Shyna A.K (Asst. Audit Officer, On 27-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-22 |
| 24 | ഗ്രാമ പഞ്ചായത്തിലെ കവാറികളുടെ പ്രവർത്തനം - പരാതികൾ സംബന്ധിച്ച്<br>Written By: Shyna A.K (Asst. Audit Officer, On 27-06-2021)<br>Last Updated By: E.V Hari (Audit Officer, On 27-06-2021) | 1-23 |
| 25 | സംയുക്ത പ്രോജക്ട് നടപ്പിലാക്കുന്നതിന് ലഭിച്ച തുക വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു<br>Written By: Shyna A.K (Asst. Audit Officer, On 26-06-2021)<br>Last Updated By: E.V Hari (Audit Officer, On 27-06-2021) | 1-24 |
| 26 | മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു<br>Written By: Shyna A.K (Asst. Audit Officer, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-25 |
| 27 | പട്ടിക വർഗ്ഗവിഭാഗങ്ങൾക്ക് വേണ്ടി പദ്ധതികൾ നടപ്പിലാക്കുന്നില്ല<br>Written By: Shyna A.K (Asst. Audit Officer, On 27-06-2021)<br>Last Updated By: Shyna A.K (Asst. Audit Officer, On 27-06-2021) | 1-26 |
| 28 | ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല<br>Written By: Shyna A.K (Asst. Audit Officer, On 27-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-27 |
| 29 | നിക്ഷേപ പ്രവൃത്തികൾ - അപാകതകൾ<br>Written By: E.V Hari (Audit Officer, On 27-06-2021) | 1-28 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 29-06-2021) | |
| 30 | മൃഗാശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ - യു. പി. എസ്. നാളിതു വരെ ലഭിച്ചില്ല.<br>Written By: E.V Hari (Audit Officer, On 27-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-29 |
| 31 | എസ്സ്. എസ്സ്. എ .വിഹിതം കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.<br>Written By: Disha R.K (Asst. Audit Officer, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-30 |
| 32 | ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Disha R.K (Asst. Audit Officer, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-31 |
| 33 | എസ്സ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകൽ - പദ്ധതി നിർവഹണത്തിലെ അപാകത<br>Written By: Disha R.K (Asst. Audit Officer, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-32 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പദ്ധതി സമയബന്ധിതമായി നടപ്പിലാക്കിയില്ല - പിഴ ഈടാക്കാതെ തുക നൽകി<br>Written By: Shyna A.K (Asst. Audit Officer, On 27-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shyna A.K (Asst. Audit Officer, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shyna A.K (Asst. Audit Officer, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shyna A.K (Asst. Audit Officer, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shyna A.K (Asst. Audit Officer, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 4-4 |
| 5 | വായ്പ<br>Written By: Shyna A.K (Asst. Audit Officer, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shyna A.K (Asst. Audit Officer, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shyna A.K (Asst. Audit Officer, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shibin K S (Auditor, On 27-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shibin K S (Auditor, On 27-06-2021)<br>Last Updated By: E.V Hari (Audit Officer, On 28-06-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shyna A.K (Asst. Audit Officer, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shibin K S (Auditor, On 27-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 78,59,574 |
| വരവ് | 14,79,05,316 |
| ആകെ | 15,57,64,890 |
| ചെലവ് | 14,99,97,340 |
| നീക്കിയിരിപ്പ് | 57,67,550 |

ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 5.2.2019 തീയതിയിലെ യോഗത്തിൽ കരട് ബജറ്റ് അംഗീകരിച്ച് ഭരണ സമിതിക്ക് സമർപ്പിക്കാൻ തീരുമാനിച്ചു (തീരുമാനം നം.2/19). തുടർന്ന് 12.2.2019 ലെ ഭരണസമിതിയുടെ അടിയന്തിര യോഗത്തിൽ കരട് ബജറ്റ് അവതരിപ്പിക്കുകയും തീരുമാനം നമ്പർ (1)/2019 പ്രകാരം വാർഷിക ബജറ്റ് നിർദ്ദേശങ്ങൾ അംഗീകരിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ പുതുക്കിയ ബജറ്റ് 28.02.2020 ലെ 1/2020 തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

#### 1-1-1 ബജറ്റ് രേഖകൾ സൂക്ഷിച്ചില്ല

സ.ഉ. (സാധാ)നം. 3291/2016/ത.സ്വ.ഭ.വ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമ പഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച അനുബന്ധ രേഖകളൊന്നും തന്നെ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നടപടിക്രമങ്ങൾ പാലിച്ചോയെന്ന് ഉറപ്പാക്കാനായിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 (3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്താരവും വാസ്തവികവുമായിരിക്കേണ്ടതും മുൻവർഷത്തെ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളൊടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ്. വരവ് ചെലവുകൾക്ക് ആധാരമായ വിശദമായ കുറിപ്പുകളോ വിശദീകരണങ്ങളോ തയ്യാറാക്കിയിട്ടില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം
2. ബജറ്റ് കുറിപ്പുകൾ
3. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും
4. പെർഫോമൻസ് ബജറ്റ്
5. ജെൻഡർ ബജറ്റ്

എന്നാൽ 2019-2020 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

### 1-2 വാർഷിക കണക്കിലെ അപാകതകൾ

2019-20 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ പരിഹരിക്കേണ്ടതായി കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല,

2. ഓഡിറ്റിന് സമർപ്പിച്ച ക്യൂ ബിൽ റിപ്പോർട്ട് പ്രകാരം 2019-20 ൽ വിവിധ ഫണ്ടിനങ്ങളിലായി 36,47,623/- ക്യൂ ബില്ലായിട്ടുണ്ട് . എന്നാൽ ഈ തുകകൾ ലയബിലിറ്റി ഹെഡിലേക്ക് മാറ്റിയിട്ടില്ല. തൻ വർഷം പ്രവൃത്തി പൂർത്തീകരിച്ച്

ആസ്തി ആർജ്ജിക്കപ്പെട്ടതും ക്യൂ ബിൽ ആയതിനാൽ അടുത്ത സാമ്പത്തിക വർഷം തുക നൽകാനുള്ളതുമായ ചെലവുകൾ വാർഷിക കണക്കിൽ ആസ്തി / ബാധ്യതാ പത്രികകളിൽ ഉൾകൊള്ളിക്കുന്നില്ല.

3. അഡ്വാൻസ് രജിസ്റ്റർ പ്രകാരം കേരള ജല അതോറിറ്റിയ്ക്ക് നൽകിയിട്ടുള്ള മുൻകൂർ തുകയിൽ അഡ്ജസ്റ്റ് ചെയ്യാൻ ബാക്കിയുള്ള തുക 85,000/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ 1,50,000/- രൂപയാണ് ഈ ഹെഡിൽ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്.

4. അസിസ്റ്റന്റ് എഞ്ചിനീയർ പിരിക്കുന്ന ഇ.എം.ഡി തുകയുടെ വിശദാംശങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. ആസ്തികളുടെ തേയ്മാനം സംബന്ധിച്ച രേഖകളില്ല:- വാർഷിക കണക്ക് ബാലൻസ് ഷീറ്റിലെ ബി 11 ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യം തേയ്മാനം രേഖപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം തേയ്മാന മൂല്യം കണക്കാക്കുന്നതിന് ആധാരമാക്കിയ ആസ്തിയുടെ മുഖവില, ആസ്തിയുടെ ആയുസ്സ് എന്നിവയെ സംബന്ധിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ നടപടി ക്രമങ്ങൾക്ക് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അനുമതി ലഭിച്ചതായും കാണുന്നില്ല.

6. പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി ക്യാഷ് ചെയ്യാത്തതുമായ താഴെ പറയുന്ന ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| അക്കൗണ്ട് | വൗച്ചർ നം. | ചെക്ക് നം, തീയതി | തുക |
|---|---|---|---|
| സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് – Own Fund- 210 | 219009130 | 5662/31.05.2019 | 3970 |
| | ടി | ടി | 639 |

7. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

8. 2019-20 ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂൾ പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ലഭിച്ചിട്ടുള്ള ഗ്രാന്റുകൾ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. ഈ തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് വീഴ്ചയാണ്. കൂടാതെ ചില ഫണ്ടുകൾ പ്രത്യേക ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ച് ചെലവഴിക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. ലഭിച്ച തുകകൾ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഉദാഹരണം - ശുചിത്വ മിഷൻ ഗ്രാന്റ് - 12,93,784/- രൂപ, ശിശു വികസന പോഷകാഹാര പദ്ധതി - 9,07,618/- രൂപ.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,51,98,575 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,65,64,382 |
| ആകെ | 8,17,62,957 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,19,67,732 |
| നീക്കിയിരിപ്പ് | 1,97,95,225 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം )

| ക്രമ നം. | ഫണ്ട് ഇനം | മുന്നിരിപ്പ് (രൂ) | വരവ് (രൂ) | ആകെ (രൂ) | ചെലവ് (രൂ) | നീക്കിയിരിപ്പ് /ലാപ്സായതുക (രൂ) |
|---|---|---|---|---|---|---|
| 1. | വികസന ഫണ്ട് (ജനറൽ) | 0 | 14017055 | 14017055 | 9515950 | 4501105 |
| 2. | വികസന ഫണ്ട് (SCP) | 0 | 6701118 | 670118 | 4963800 | 1737318 |
| 3. | വികസന ഫണ്ട് (TSP) | 0 | 130000 | 130000 | 0 | 130000 |
| 4. | MG (Road) | 0 | 7793000 | 7793000 | 4926247 | 2866753 |
| 5. | MG (Non Road) | 0 | 3746000 | 3746000 | 3014523 | 731477 |
| 6. | CFC (United) | 0 | 9003219 | 9003219 | 6052398 | 2950821 |
| 7.(A) | കേന്ദ്രാവിഷ്കൃതം - | 916171 | 1158113 | 2074284 | 1166666 | 907618 |

| | | | | | | |
|---|---|---|---|---|---|---|
| | ICDS കേന്ദ്ര വിഹിതം | | | | | |
| (B) | MPLADS | 31492 | 1085 | 32577 | 0 | 32577 |
| 8.<br>(A) | സംസ്ഥാനാവിഷ്കൃതം<br>ശുചിത്വ മിഷൻ | 1293784 | 0 | 1293784 | 0 | 1293744 |
| (B) | ടോട്ടൽ<br>സാനിട്ടേഷൻ | 120000 | 0 | 120000 | 120000 | 0 |

31.03.2020 തിയ്യതിയിൽ കൃ - ബിൽ ആകെ തുക = 36,47,623/- രൂപ

സ്ഥാപനത്തിൽ ലഭ്യമായിട്ടുള്ള സാംഖ്യ എ.സി.ആർ, വാർഷിക കണക്കുകൾ എന്നിവ അടിസ്ഥാനമാക്കിയാണ് മേൽ കണക്കുകൾ തയ്യാറാക്കിയത്. സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ ഗ്രാമ പഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

വികസന ഫണ്ട് ജനറൽ, എസ്.സി.പി, എന്നിവയുടെ ആകെ ചെലവ്, നീക്കിയിരിപ്പ് എന്നിവ സുലേഖ സോഫ്റ്റ് വെയറിലെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ചെലവ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ഒന്നു തന്നെ ആണെങ്കിലും ആയവ വാർഷിക കണക്കിലെ (സാംഖ്യ) തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | വാർഷിക കണക്കിലെ തുക | | സുലേഖയിലെ തുക | |
|---|---|---|---|---|
| | ചെലവ് | നീക്കിയിരിപ്പ് | ചെലവ് | നീക്കിയിരിപ്പ് |
| വികസനഫണ്ട് ജനറൽ | 9515950 | 4501105 | 10321895 | 3695160 |
| വികസനഫണ്ട് എസ്.സി.പി. | 4963800 | 1737318 | 5169682 | 1531436 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 228 | 8,02,22,340 | 125 | 4,74,46,088 | 3 | 100 | 56% |

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക പദ്ധതിയ്ക്ക് 24.12.2018 ലെ 64750/2019/ഡി.പി.സി./ഡി.പി.ഒ./ കെ.കെ.ഡി. നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു. 09.03.2020 ന് 64750/2019/ഡി.പി.സി./ഡി.പി.ഒ./ കെ.കെ.ഡി. നമ്പർ ഉത്തരവ് പ്രകാരം ആസൂത്രണസമിതി അന്തിമമായി 228 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട് . സാമ്പത്തിക വർഷാരംഭത്തിന് മുൻപേ തന്നെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടും വിഭാവനം ചെയ്ത പദ്ധതികൾ മുഴുവനും നടപ്പിലാക്കാതെ ഫണ്ട് നഷ്ടപ്പെടുത്തിയിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 82,345 | 14,88,198 | 15,70,543 | 15,70,364 | 179 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,34,72,000 | 1,34,72,000 | 1,34,72,000 | 0 |

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച തൊഴിലുറപ്പ് പദ്ധതിയുടെ പഞ്ചായത്ത് തലത്തിലെ പ്രവർത്തനങ്ങൾ, നൽകുന്ന സേവനങ്ങൾ തുടങ്ങിയവയുടെ 2019-20 വർഷത്തെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വാർഡുകളുടെ എണ്ണം | 16 |
| ഗ്രാമപഞ്ചായത്തിലെ ആകെ | 6,000 |

| | |
|---|---|
| കുടുംബങ്ങളുടെ എണ്ണം | |
| തൊഴിലുറപ്പ് പദ്ധതിക്കായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2,331 |
| തൻവർഷം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 563 |
| തൻവർഷം 100 ദിവസം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 282 |
| ഒരു കുടുംബത്തിന് തൻവർഷത്തിൽനൽകിയ തൊഴിൽ ദിനങ്ങളുടെ ശരാശരി | 79.85 |
| ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരം തൻവർഷത്തെ പദ്ധതികളുടെ എണ്ണം | 179 |
| വകയിരുത്തിയ തുക | 2,25,80,000 |
| നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | 120 |
| കൂലിയിനത്തിലെ ചെലവ് (അൺ സ്കിൽഡ് ) | 1,24,11,307 |
| കൂലിയിതരയിനത്തിലെ ചെലവ് (സ്കിൽഡ് ) | 8,36,140 |
| തൊഴിലുപകരണങ്ങൾ വാടകയ്ക്കു നൽകി തൻവർഷം ലഭിച്ച തുക | 2,24,780 |
| ലേബർ ബജറ്റ് പ്രകാരമുള്ള ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 1,89,08,227 |
| ലേബർ ബജറ്റ് പ്രകാരമുള്ള ആകെ ചെലവ് | 1,89,08,227 |

## 1-7 ക്ഷേമ പദ്ധതികൾ

2019-20 വർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 32,17,200 | 1,105 |
| വിധവാ പെൻഷൻ | 54,44,400 | 1,840 |
| വാർദ്ധക്യകാല പെൻഷൻ | 77,00,400 | 2,706 |
| വികലാംഗ പെൻഷൻ | 17,10,400 | 566 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,22,000 | 75 |
| വിവാഹ ധനസഹായം | 90,000 | 3 |
| തൊഴിൽ രഹിത വേതനം | 36,720 | 39 |

## 1-8 ക്യാഷ് ബാലൻസ്

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.06.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധന വേളയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു.

1. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനനഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിനും മറ്റും ബുദ്ധിമുട്ടനുഭവപ്പെടുന്ന സാഹചര്യത്തിലും നിലവിലുള്ള തനതു വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധചെലുത്തുന്നില്ല. തൊഴിൽ നികുതി, ഡി & ഒ ലൈസൻസ്, വസ്തു നികുതി തുടങ്ങിയ വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകളോ ഇടപെടലുകളോ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നടത്തിയിട്ടില്ല. പഞ്ചായത്തിന്റെ തനതു വരുമാനം

വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

2. അനധികൃത കെട്ടിടങ്ങളുടെ ക്രമവൽക്കരണം വർദ്ധിക്കുന്ന സാഹചര്യം അനധികൃത കെട്ടിടനിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ടപ്രകാരമുള്ള ഉത്തരവാദിത്വം പഞ്ചായത്ത് പരിധിയിൽ പൂർണ്ണമായി നടപ്പിലാക്കപ്പെട്ടിട്ടില്ലെന്ന് വ്യക്തമാക്കുന്നു.

3. ഓഫീസ് ഓർഡർ പ്രകാരം ജീവനക്കാരെ ചുമതലയേൽപിക്കുന്ന ജോലികളുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച് സ്റ്റാഫ് മീറ്റിംഗിൽ അവലോകനം ചെയ്യപ്പെടുന്നില്ല.

4. ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും നിശ്ചിത നടപടിക്രമവും സമയക്രമവും നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ബജറ്റ് രൂപീകരണത്തിൽ ആയത് പാലിക്കപ്പെടുന്നില്ല. ബജറ്റ് അനുബന്ധ രേഖകൾ സൂക്ഷിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്.

5. പൂർത്തീകരിച്ച നിർമ്മാണ പ്രവൃത്തികൾ എല്ലാം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6. ഭരണ സമിതി തീരുമാനങ്ങൾ നടപ്പാക്കിയതു സംബന്ധിച്ച് തുടർ യോഗങ്ങളിൽ പുനരവലോകനം നടത്തുന്നില്ല.

7. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.

8. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനു പകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്റ്റുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. എന്നാൽ വാങ്ങലുകൾ നടത്തുന്നതിനായി കമ്മിററി നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. 2019-20 വർഷത്തിൽ 3.7.2019, 18.9.2019 എന്നീ തിയ്യതികളിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

9. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ലഭിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താത്തതിനാൽ ഫണ്ടുകൾ ലാപ്സാകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്.

മേൽ അപാകതകൾ പരിഹരിച്ച് സ്ഥാപനത്തിന്റെ പ്രവർത്തന നിലവാരം മെച്ചപ്പെടുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-10 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ഇതേ ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്.

കൊടിയത്തൂർ ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

1)

| കെട്ടിട നം. | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 40 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി(വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 4/414 A | അബ്ദുൾ കരീം, കുറ്റിപ്പുറത്ത്, പന്നിക്കോട് | 25.8 $M^2$ , താഴത്തെ നില വാണിജ്യം | 1239 + 62 (5% LC) = 1301 |
| 4/414 B | | 25.8 $M^2$ , താഴത്തെ നില വാണിജ്യം | 1239 + 62 (5% LC) = 1301 |
| 4/414 C | | 25.8 $M^2$ , താഴത്തെ നില വാണിജ്യം | 1239 + 62 (5% LC) = 1301 |
| 4/414 D | | 25.8 $M^2$ , താഴത്തെ നില വാണിജ്യം | 1239 + 62 (5% LC) = 1301 |
| | ആകെ | 103.2 $M^2$ | 4956 + 248 (5% LC) = 5204 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 60/- രൂപ

ആകെ തറവിസ്തീർണ്ണം- 103.2 ച.മീ

103.2 X 60 = 6192 + (20% വഴിസൗകര്യം വർദ്ധനവ്)

= 7431 + 372 (5% LC) = 7803

ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 7803

ഈടാക്കിയ നികുതി - 5204

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം (7431 +372) – (4956 + 248)

2475 + 124 (5% LC) = 2599

2)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 40 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി(ഇളവ് - 10% മേഖല , വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 9/148 A | അബ്ദുൾ നാസർ, തെനങ്ങാപ്പറമ്പിൽ, ചെറുവാടി(പി.ഒ) | 30.03 $M^2$, താഴത്തെ നില വാണിജ്യം | 1322 + 67 (5% LC) = 1389 |
| 9/148 B | | 30.03 $M^2$, താഴത്തെ നില വാണിജ്യം | 1322 + 67 (5% LC) = 1389 |
| 9/148 C | | 30.03 $M^2$, താഴത്തെ നില വാണിജ്യം | 1322 + 67 (5% LC) = 1389 |
| 9/148 D | | 30.03 $M^2$, താഴത്തെ നില വാണിജ്യം | 1322 + 67 (5% LC) = 1389 |
| 9/148 E | | 30.03 $M^2$, താഴത്തെ നില വാണിജ്യം | 1322 + 67 (5% LC) = 1389 |
| 9/148 F | | 30.03 $M^2$, താഴത്തെ നില | 1322 + 67 (5% LC) = 1389 |

| | | | |
|---|---|---|---|
| | | വാണിജ്യം | |
| | ആകെ | 180.18 $M^2$ | 7932 + 402 (5% LC) = 8334 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 60/- രൂപ

ആകെ തറവിസ്തീർണ്ണം- 180.18 ച.മീ

180.18 X 60 = 10810.8 - (10% മേഖല ഇളവ്) + (20% വഴിസൗകര്യം വർദ്ധനവ്)

= 11893 + 595 (5% LC) = 12488

ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 12488

ഈടാക്കിയ നികുതി - 8334

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം (11893 + 595 ) - (7932 + 402)

3961 + 193 (5% LC) = 4154

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കാതെ മേൽ വിവരിച്ച പ്രകാരം നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗമെന്ന നിലയിൽ കെട്ടിട നികുതി കണക്കാക്കുന്നതിൽ അപാകതകൾ ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-11 രശീത് സൂക്ഷിപ്പിലെ അപാകതകൾ

കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ ഡേ ബുക്ക്, സാംഖ്യ രസീതുകൾ എന്നിവയുടെ പരിശോധനയിൽ ഡേ ബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട അതാത് ദിവസത്തെ ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ടുകൾ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു. താഴെപ്പറയുന്ന ദിവസങ്ങളിലെ ക്യാൻസൽ ചെയ്ത രസീതുകളുടെ റിപ്പോർട്ട് പരിശോധനയിൽ ലഭിച്ചില്ല.

| തീയതി | സാംഖ്യ രസീത് നം. | സ്റ്റേഷനറി നം. |
|---|---|---|
| 10.04.2019 | 11901010050 | 5784717 |
| 21.05.2019 | 1190100004 | 5784671 |
| 29.06.2019 | 119010100383 | 5785053 |
| 10.07.2019 | 119010100854 | 5785392 |
| 30.08.2019 | 119010101272 | 5785953 |
| 05.10.2019 | 119010101652 | 5786349 |
| 31.10.2019 | 119010101989 | 5786692 |
| 15.01.2020 | 119010103280 | 4626996 |
| 19.02.2020 | 119010105071 | 4628794 |
| 29.02.2020 | 119010105444 | 4629173 |

ഡേ ബുക്കിനോടൊപ്പം അതാത് ദിവസത്തെ ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ടുകൾ പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പുവരുത്തേണ്ടതാണ്.

## 1-12 ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ

കാലാവധി പ്രസിഡന്റ് ഒരു മുൻ തിയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2019-20 വർഷത്തിൽ കൊടിയത്തൂർ ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 415 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2019 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 244 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.20 ന് വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 2,227 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 415 പേർ മാത്രമാണ് ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്.

ഡി & ഒ ലൈസൻസ് അപേക്ഷകളിൽ മുഴുവൻ വിവരങ്ങളും അപേക്ഷകൻ രേഖപ്പെടുത്തുന്നില്ല. അപേക്ഷകളിൽ ആവശ്യമായ ഫീൽഡ് അന്വേഷണം നടത്തിയതിന് ശേഷമാണ് ലൈസൻസ് അനുവദിക്കുന്നതെന്നും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ഉറപ്പുവരുത്തേണ്ടതാണ്.

## 1-13 തൊഴിൽ നികുതി-അപാകതകൾ

I) അർദ്ധവാർഷിക വരുമാന പത്രികകളിൽ ശമ്പളത്തിന്റെ വിവരങ്ങൾ പൂർണ്ണമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 204, 205 വകുപ്പുകളിലേയും 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. അടിസ്ഥാന ശമ്പളം, ക്ഷാമ ബത്ത, സ്പെഷ്യൽ പേ, അവധി വേതനം, ഉത്സവ ബത്ത, മറ്റു അലവൻസ് എന്നിവയുടെ ആറ് മാസത്തെ ആകെ തുക അർദ്ധവാർഷിക വരുമാന കോളത്തിൽ രേഖപ്പെടുത്തിയ ശേഷമാണ് തൊഴിൽ നികുതി സ്ലാബ് നിർണ്ണയിക്കേണ്ടത്. കൊടിയത്തൂർ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽ നികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴുവൻ ശമ്പള വിവരങ്ങളും നൽകാത്ത സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1) യൂണിറ്റി വനിതാ ബാങ്ക്

2) ലാംഡ ഡെന്റൽ ക്ലീനിക്, കൊടിയത്തൂർ

3) സപ്ലൈകോ മാവേലി സ്റ്റോർ, ചെറുവാടി

4) സെൻട്രൽ ക്ലീനിക്

5) ക്ഷീരോൽപ്പാദന സഹകരണ സംഘം, തോട്ടുമുക്കം

6) കെ. ടി. ബ്രിക്സ്

7) തോട്ടുമുക്കം ഫ്യൂവൽസ്

Ii) തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല

കൊടിയത്തൂർ ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | വാർഡ് / കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 4/355 A | ന്യൂ അസോസിയേറ്റഡ് ഫാർമ | 5 |
| 2 | 9/ 234 | കുന്നത്ത് ഫർണിച്ചർ | 2 |
| 3 | 9/219 | 360 ഡിഗ്രി പിക്ചേഴ്സ് | 12 |
| | | | |

| | | | |
|---|---|---|---|
| 4 | 4/245 | ഗ്യാലക്സി ഗ്രാനൈറ്റ് | 4 |
| 5 | 15/313 A | സഞ്ചാരി സിമന്റ് വർക്സ് | 5 |
| 6 | 2/106 A | അക്വാട്ടിക് ഫിഷറീസ് | 4 |
| 7 | 13/22 E6,E7 | സ്പേസ് ലൈൻ ആർക്കിടെക്ട്സ് | 5 |
| 8 | 3/17 | പുതിയോട്ടിൽ ഹോളോബ്രിക്സ് | 3 |
| 9 | 5/368 | മൈക്രോ ഇൻഡസ്ട്രീസ് | 3 |
| 10 | 9/285 A | അശ്വതി വുഡ് വർക്സ് | 3 |
| 11 | 14/310 C | അൽമദീന ഇൻഡസ്ട്രിയൽസ് | 2 |
| 12 | 13/109 E,F,G | ബിഗ് മാർട്ട് | 4 |
| 13 | 3/155 B | ഡിടിക്സ് ഗ്ലോബൽ ട്രേഡിംഗ് | 4 |
| 14 | 2/206 | പി. കെ. സ്റ്റോർ | 2 |
| 15 | 7/227 B | റോയൽ ബേക്കറി യൂണിറ്റ് | 4 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ജീവനക്കാരന്റെ പേര്, അർദ്ധവാർഷിക വരുമാനം, ഈടാക്കിയ നികുതി, രസീത് നം., തീയതി സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 2,272 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2019-20 വർഷത്തിൽ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം 45 ആണ്. അതായത് 2,227 കെട്ടിടങ്ങൾ നിലവിൽ ഉപയോഗപ്പെടുത്താവുന്നവയാണ്. ഓഡിറ്റ് വർഷത്തെ ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 415 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ഡി & ഒ ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 571 ആണ്. അതായത് അവശേഷിക്കുന്ന 1,656 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്.

ടെയിഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല നികുതി കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാന ചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/19-20 തീ-25.06.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 ബിൽഡിംഗ് പെർമിറ്റ് അപാകതകൾ

2019-20 വർഷത്തിൽ ബിൽഡിംഗ് പെർമിറ്റ്, കംപ്ലീഷൻ, ക്രമവത്കരണം, പെർമിറ്റ് പുതുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് സ്ഥാപനത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ, ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ രജിസ്റ്ററുകൾ, ക്രമവത്കരണ അപേക്ഷാ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 2019-20 ൽ ആകെ ലഭിച്ച 294 അപേക്ഷകളിൽ 148 എണ്ണവും ക്രമവത്കരണത്തിനുള്ളതാണ്. 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ , ചട്ടം 138 ൽ കെട്ടിടങ്ങളുടെ ക്രമവത്കരണം നടത്തുന്നതിന് സെക്രട്ടറിക്കുള്ള അധികാരങ്ങൾ വ്യക്തമാക്കുന്നതിനൊപ്പം അനധികൃത കെട്ടിട നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ട പ്രകാരമുള്ള ഉത്തരവാദിത്തം ഒഴിവാക്കപ്പെടുന്നില്ലെന്നത് പരാമർശിക്കുന്നുണ്ട്. എന്നാൽ മേൽ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തി എന്നാണ് ഈ ഇനത്തിൽ ലഭ്യമാവുന്ന അപേക്ഷകളുടെ എണ്ണം സൂചിപ്പിക്കുന്നത്. പെർമിറ്റില്ലാതെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾ നിർമ്മാണ ഘട്ടത്തിൽ തന്നെ ഫീൽഡ് പരിശോധയിലൂടെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

2) കെട്ടിട പെർമിറ്റ് അനുവദിച്ച അപേക്ഷകളിൽ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ പൂർത്തീകരണ വിവരം പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്താൻ സാധിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിനും വരുമാന നഷ്ടം ഉണ്ടാകുന്നതിനും ഇത് കാരണമാകുന്നു.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/19-20 തീ-25.06.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 കെട്ടിടം പദ്ധതിയിൽ വിഭാവനം ചെയ്ത ആവശ്യത്തിന് ഉപയോഗിക്കുന്നില്ല

| | |
|---|---|
| പദ്ധതിയുടെ പേര്, നമ്പർ | പഞ്ചായത്ത് ഓഫീസിൽ ഫീഡിംഗ് റൂം – 1230/2020 |
| അടങ്കൽ | 4,80,000/- രൂപ |
| ചെലവ് | 4,80,000/- രൂപ |
| ബിൽ നമ്പർ | 1) 09/2019-20 – 1,04,434 രൂപ - 17.05.2019<br>2)50/2019-20 – 3,75,566 രൂപ - 27.01.2020 |
| കോൺട്രാക്ടർ | ശ്രീ. അബ്ദുൾ റഷീദ് പി. പി |
| കരാർ | എ. ഇ/80/18-19 – 25.01.2019 |
| എം. ബുക്ക് നമ്പർ | 280/17-18,393/18-19 |

ഐ.സ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ഓഫീസിൽ ഫീഡിംഗ് റൂം നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ഫീഡിംഗ് റൂം ആവശ്യത്തിനായി ഒന്നാം നിലയിൽ നിർമ്മിച്ച മുറി നിലവിൽ എ. ഇ – യുടെ ഓഫീസായാണ് പ്രവർത്തിക്കുന്നത്.

2) പദ്ധതിയിൽ ഫീഡിംഗ് റൂം മാത്രമേ വിഭാവനം ചെയ്തിട്ടുള്ളുവെങ്കിലും രണ്ട് ശുചിമുറികളും കൂടി താഴെ നിർമ്മിച്ചിട്ടുണ്ട്.

3) പഞ്ചായത്ത് ഓഫീസിൽ താഴത്തെ നിലയിലുള്ള വളരെ ഇടുങ്ങിയതും വായു സഞ്ചാരമില്ലാത്തതുമായ കോണിക്കൂടിന് ഫീഡിംഗ് റൂം എന്ന് ബോർഡ് വെച്ചിട്ടുണ്ടെങ്കിലും അതിൽ ഉപയോഗശൂന്യമായ പല വസ്തുക്കളും കൂട്ടിയിട്ടിരിക്കുകയാണ്.

മേൽ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല ( 06/2019-20 തീയതി 24.06.2021 ). റൂം പദ്ധതിയിൽ വിഭാവനം ചെയ്ത ആവശ്യത്തിന് മാത്രം ഉപയോഗിക്കേണ്ടതാണ്. അംഗീകരിച്ച പദ്ധതിക്ക് വിരുദ്ധമായി ശുചി മുറി നിർമ്മിച്ചതും ശരിയായ നടപടിയല്ല. അപാകതകൾ പരിഹരിച്ച് വിശദാംശം ലഭ്യമാക്കുന്നതുവരെ പദ്ധതിയിൽ ചെലവഴിച്ച തുക 4,80,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-16 പഞ്ചായത്തിന്റെ ആസ്തിയിൽപ്പെടാത്ത സ്ഥലങ്ങളിൽ വിവിധ പ്രവൃത്തികൾ നടത്തി

പഞ്ചായത്തിന്റെ ആസ്തിയിൽപ്പെടാത്ത സ്ഥലങ്ങളിൽ വിവിധ നിർമ്മാണ പ്രവൃത്തികൾ നടത്തിയതായി കാണുന്നു. 2005 – ലെ കേരളപഞ്ചായത്ത് രാജ് ( വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരം സ്ഥലം കൈമാറി കിട്ടിയ സ്ഥലത്തേ നിർമ്മാണ പ്രവൃത്തികൾ നടത്താവൂ. എന്നാൽ അപ്രകരമല്ലാതെ നടത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നമ്പർ, പേര് | ബിൽ നമ്പർ, തുക |
|---|---|
| 1) 96/19-20, മാടമ്പികുന്നമ്മൽ റോഡ് കോൺക്രീറ്റ് | 32/19-20 – 3,99,960/- 16.03.2020 |
| 2) 157/19-20, അക്കരപറമ്പ് കുടിവെള്ള പദ്ധതി | 01/19-20 – 1,75,000/- 17.05.2019 |
| 3) 173/19-20, ചേലാംകുന്ന് കുടിവെള്ള പദ്ധതി | 10/19-20 – 4,74,466/- 17.05.2019 |
| 4) 262/19-20, കയ്യുന്നമ്മൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 143/19-20 - 42,000/- 31.03.2020 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല ( 09/2019-20 തീയതി 24.06.2021 ). 2005 – ലെ കേരളപഞ്ചായത്ത് രാജ് വസ്തു ആർജ്ജിക്കലും കയ്യൊഴിയലും ചട്ടങ്ങൾ പ്രകാരം ആർജ്ജിച്ച് പഞ്ചായത്തിന്റെ ആസ്തിയിൽപ്പെടുത്തിയ സ്ഥലങ്ങളിൽ മാത്രമേ വിവിധ നിർമ്മാണ പ്രവൃത്തികൾ നടത്താവൂ. ആയതിനാൽ മേൽ പ്രവർത്തികൾക്കായി ചെലവഴിച്ച തുക 10,91,426/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ സ്ഥലങ്ങൾ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-17 പദ്ധതി സമയബന്ധിതമായി നടപ്പിലാക്കിയില്ല - പിഴ ഈടാക്കാതെ തുക നൽകി

| | |
|---|---|
| പദ്ധതിയുടെ പേര്, നമ്പർ | കണ്ടങ്ങൽ – കണ്ണംപറമ്പ് റോഡ് റി – ടാറിംഗ് - 218/19-20 |
| അടങ്കൽ | 3,47,853/- രൂപ (എം.ജി.ആർ) |
| ചെലവ് | 3,47,853/- രൂപ |
| ബിൽ നമ്പർ | 25/2019-20 – 3,47,853/- 19.08.2019 |
| കോൺട്രാക്ടർ | ശ്രീ. അബ്ദുൾ നിസ്സാം. എം. ടി |
| കരാർ | എ. ഇ/35/17-18 – 18.01.2018 |
| എം. ബുക്ക് നമ്പർ | 242/18-19 |

കണ്ടങ്ങൽ – കണ്ണംപറമ്പ് റോഡ് ചെയിനേജ് 0/304 മുതൽ 0/573 വരെയും 0/634 മുതൽ 0/919 വരെയുള്ള ഭാഗം റീടാർ ചെയ്യുന്നതിനാണ് തുക വകയിരുത്തിയത്. ഫയലിൽ കരാറുകാരന് സൈറ്റ് കൈമാറിയതിന്റെ രേഖയില്ല. കരാറിൽ പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തിയിട്ടില്ല. 2018-19-ലെ 134/18-19 നമ്പർ പദ്ധതിയാണ് 2019-20-ൽ 218/19-20 നമ്പർ പദ്ധതിയായി നടപ്പിലാക്കിയത്. പ്രൊജക്ടിൽ പദ്ധതി പൂർത്തീകരണ കാലയളവ് 30.03.2018 ആയാണ് കാണിച്ചിട്ടുള്ളത്. സാങ്കേതിക അനുമതി പത്രം പ്രകാരം പൂർത്തീകരണ കാലയളവ് 6 മാസമാണ്. കരാർ വെച്ച് 6 മാസത്തിനകം അതായത് 17.06.2018 – നകം പ്രവർത്തി പൂർത്തീകരിക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ എം. ബുക്ക് പ്രകാരം പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളത് 21.01.2019 – ന് മാത്രമാണ്. അതായത് 6 മാസം അധികം എടുത്താണ് പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളത്. പ്രവർത്തി സമയം നീട്ടി കിട്ടുന്നതിന് കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകിയിട്ടില്ല. പ്രവർത്തി സമയബന്ധിതമായി പൂർത്തിയാക്കാത്തതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നിയമാനുസൃത നടപടികളൊന്നും സ്വീകരിച്ചിട്ടുമില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ( 08/2019-20 തീയതി 24.06.2021 ) മറുപടി ലഭ്യമാക്കിയില്ല.

തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 – ലെ എ.സി2/223/15. ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവർത്തി പൂർത്തീകരിക്കാത്ത പക്ഷം ആദ്യത്തെ മൂന്ന് മാസത്തേക്ക് കരാർ തുകയുടെ 1% വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തേക്കും കരാർ തുകയുടെ 2% – വും പിഴ ഈടാക്കേണ്ടതാണ്. എന്നാൽ പിഴ ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകുകയാണ് ചെയ്തത്. കരാറുകാരനിൽ നിന്നും ഈടാക്കേണ്ട പിഴയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| 1) ആദ്യ മൂന്ന് മാസത്തേക്ക് ( 1%) | 3,47,853*.01 = 3,478/- |
| 2) അടുത്ത മൂന്ന് മാസത്തേക്ക്( 2%) | 347853*.02 = 6,956/- |
| ആകെ | 10,434/- |

പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാത്തതിന് ഈടാക്കേണ്ട പിഴ തുകയായ 10,434/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കാതെ ബിൽ പ്രകാരമുള്ള മുഴുവൻ തുകയും നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും പിഴ തുക ഈടാക്കി അറിയിക്കേണ്ടതും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## 1-18 മിനി എം.ആർ. എഫ് കേന്ദ്രം സ്ഥാപിച്ചില്ല - അനുവദിച്ച സർക്കാർ പണം വർഷങ്ങളായി തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര്, നമ്പർ | മിനി എം. ആർ. എഫ് കേന്ദ്രം – 1230/2020 |
| അടങ്കൽ | 8,00,000/- രൂപ |

പഞ്ചായത്തിൽ മിനി എം. ആർ. എഫ് കേന്ദ്രം നിർമ്മിക്കുന്നതിനായി 2018 – ൽ ലഭിച്ച കേന്ദ്രാവിഷ്കൃത ഫണ്ട് 8,00,000/- രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ചെങ്കിലും നാളിതുവരെയായി പദ്ധതി നടപ്പിലാക്കിയില്ല. മേൽ പദ്ധതിക്കായി ശുചിത്വ മിഷനിൽ നിന്നും 31.03.2018 – ന് ലഭിച്ച തുക കൊടിയത്തൂർ സർവ്വീസ് കോ – ഓപ്പറേറ്റീവ് ബാങ്കിൽ നിക്ഷേപിച്ചിരിക്കുകയാണ്. കോഴിക്കോട് ജില്ലാ ശുചിത്വ മിഷന്റെ 31.03.2018 ലെ ഡി.എസ്.എം/കെ.കെ.ഡി/164/2017 ഉത്തരവ് പ്രകാരം ശുചിത്വ മിഷന്റെ അംഗീകൃത സർവ്വീസ് പ്രൊവൈഡർമാർ മുഖേന പദ്ധതി നടപ്പിലാക്കി തുക വിനിയോഗിച്ച് സാക്ഷ്യപത്രം ലഭ്യമാക്കാത്തപക്ഷം 18% പലിശ സഹിതം തിരിച്ചടക്കേണ്ട സ്ഥിതിയാണുള്ളത്. 15.07.2017- ലെ ജി.ഒ (ആർ.ടി) 2420/2017/ത.സ്വ.ഭ.വ പ്രകാരം അജൈവ മാലിന്യ പുന:ചംക്രമണത്തിനായി തദ്ദേശസ്വയം ഭരണസ്ഥാപനം ക്ലീൻ കേരള കമ്പനി / സമാന സ്ഥാപനങ്ങളുമായി ചേർന്ന് സാദ്ധ്യമായ ഇടങ്ങളിൽ എം.

ആർ. എഫ് സംവിധാനം ഒരുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ 12.02.2019-ലെ ജി.ഒ (ആർ.ടി) 306/2019/ ത.സ്വ.ഭ.വ പ്രകാരം എം. ആർ. എഫ് – കളുടെ പ്ലാനം മാതൃകാ എസ്റ്റിമേറ്റും സംബന്ധിച്ച വിശദാംശം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ( 05/2019-20 തീയതി 24.06.2021 ) മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ ശുചിത്വ മിഷനുമായി ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 2019-20 വർഷം പൊതുമരാമത്ത് പ്രവർത്തികൾക്കായി നീക്കി വെച്ച തുകയിൽ പകുതിയും ലാപ്സായി

2019-20 വർഷം അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള 156 പദ്ധതികൾക്കാണ് അനുമതി ലഭിച്ചത്. പദ്ധതികളുടെ അടങ്കൽ തുക 3,09,46,679/- രൂപ. മേൽ പദ്ധതികളിൽ 92 പദ്ധതികൾക്ക് മാത്രമേ തൻ വർഷം തുക ചെലവഴിച്ചുള്ളൂ. ചെലവ് തുക 1,54,90,406/- രൂപ മാത്രമാണ്. 64 പദ്ധതികൾക്കായി നീക്കിവെച്ച തുക 1,54,56,273/ - ലാപ്സാവുകയാണുണ്ടായത് ( ഏകദേശം 50% ). കൂടാതെ അംഗീകാരം ലഭിച്ച 2 സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പെടെ 10 പദ്ധതികൾ ഉപേക്ഷിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ( നം. 07/19-20 തീയതി 24.06.2021 ) – മറുപടി ലഭ്യമാക്കിയില്ല. പദ്ധതി പ്രവർത്തനങ്ങൾ ( ടെണ്ടർ നടപടി ക്രമം മുതൽ ബിൽ മാറുന്നതു വരെയുള്ള നടപടികൾ ) പ്രവർത്തന കലണ്ടർ തയ്യാറാക്കി യഥാസമയം നടപ്പിലാക്കാത്തതു മൂലവും ആവശ്യമില്ലാത്ത പദ്ധതികൾ ആസൂത്രണം ചെയ്തതു മൂലവുമാണ് ഈ അവസ്ഥ സംജാതമായത്. ഇക്കാര്യത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. 2019-20 വർഷം ഒരു തവണ പോലും ഈ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നതായി മിനിട്സ് പരിശോധിച്ചതിൽ കാണുന്നില്ല. ഈ വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 ചേലാംകുന്ന് കോളനി കുടിവെള്ള പദ്ധതി പ്രവർത്തി പൂർത്തിയാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര്, നമ്പർ | ചേലാംകുന്ന് കുടിവെള്ള പദ്ധതി – 173/2020 |
| അടങ്കൽ | 7,00,000/- രൂപ |
| ചെലവ് | 4,74,466/- രൂപ |
| ബിൽ നം. | 10/19-20 – 4,74,466/- 22.05.2019 |
| കോൺട്രാക്ടർ | ശ്രീ. അബ്ദുൾ ബഷീർ. കെ |
| കരാർ | എ. ഇ/02/18-19 തീയതി 08.05.2018 |
| എം. ബുക്ക് | 272/17-18,377/17-18 |

ചേലാംകുന്ന് കോളനിയിലെ 10 എസ്. സി കുടുബങ്ങൾക്കും 9 ജനറൽ കുടുംബങ്ങൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി ഏകവർഷ പദ്ധതിയായി 2016-17 -ൽ 7,00,000/- രൂപ വകയിരുത്തി തുടങ്ങിയെങ്കിലും (പ്രൊജക്ട് നമ്പർ 06/2017) 2019-20 ലും പൂർത്തിയാക്കിയിട്ടില്ല. എം. ബുക്ക് പ്രകാരം 28.11.2019 വരെയാണ് പ്രവർത്തികൾ നടത്തിയിട്ടുള്ളത്. പ്രവർത്തിമൂല്യം 6,01,238/- രൂപയാണ്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.

1) പ്രൊജക്ടിൽ പദ്ധതി 31.03.2017- നകം പൂർത്തീകരിക്കുമെന്ന് കാണിച്ചിട്ടുണ്ടെങ്കിലും ടെണ്ടർ നടപടി സ്വീകരിച്ച് കരാറുകാരന് സൈറ്റ് കൈമാറിയിട്ടുള്ളത് 14.05.2018 – ന് മാത്രമാണ്.

2) കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തിയിട്ടില്ല.

3) പദ്ധതിക്കായി മോട്ടോറുകൾ വാങ്ങിയിട്ടില്ല.

4) വൈദ്യുതി കണക്ഷൻ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

5) ജല സ്രോതസ്സിന്റെ വിവരം ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണകുറിപ്പ് നൽകിയെങ്കിലും ( നം. 04/2019-20 തീയതി 24.06.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിച്ച് റിപ്പോർട്ടു നൽകുന്നതു വരെ പദ്ധതിക്കായി ചെലവഴിച്ച തുക 4,74,466/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-21 സ്പിൽ ഓവർ പദ്ധതികൾക്ക് തുക വകയിരുത്തിയെങ്കിലും നടപ്പിലാക്കിയില്ല

| പദ്ധതിയുടെ പേര്, നമ്പർ | അടങ്കൽ |
|---|---|
| 1) ചുള്ളിക്കാപറമ്പ് അങ്കണവാടി നവീകരണം – 198/19-20 | 55,000/- രൂപ (എം.ജി.എൻ.ആർ) |
| 2) ഐലാക്കോട് കുടിവെള്ള പദ്ധതി ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ മാറ്റൽ – 202/19-20 | 55,411/- രൂപ |

13ാം പദ്ധതി മാർഗ്ഗരേഖ (സ.ഉ. (കൈ) നം.11/2018/തസ്വഭവ തീയതി 29.01.2018 ഖണ്ഡിക 10 പ്രകാരം ) സ്പിൽ ഓവർ ആയ പ്രവർത്തികൾ സ്പിൽ ഓവർ ആയ വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ മേൽ പ്രവർത്തികൾ നടപ്പിലാക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കാണുകയില്ല. കൂടാതെ മേൽ പദ്ധതികൾക്കായി വകയിരുത്തിയ തുക ലാപ്സാവുകയും മനുഷ്യാദ്ധ്വാനം പാഴാവുകയും ചെയ്യു. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (08/2019-20 തീയതി 24.06.2021) മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-22 കൊടിയത്തൂർ ജി.എൽ. പി.സ്കൂൾ ഗ്രൗണ്ടിന് സ്ഥലം അക്വയർ ചെയ്യൽ - സമയ ബന്ധിതമായി നടപടികൾ പൂർത്തിയാക്കാത്തത് ഗ്രാമ പഞ്ചായത്തിന് ബാധ്യതയാകുന്നു.

2.08.2008 ലെ 118 -ാം നമ്പർ തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്ത് 12/17 റി സർവ്വെയിൽപ്പെട്ട 30.15 സെന്റ് സ്ഥലം കൊടിയത്തൂർ ജി.എം.യു.പി സ്കൂളിന് കളിസ്ഥലം നിർമ്മിക്കുന്നതിനായി വാങ്ങാൻ തീരുമാനിക്കുകയും 23.11.2009 ലെ സ.ഉ. (സാ.ധാ)3121/2009 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ ഇതിന് അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്. കേരള ഗസറ്റ് EO – 439/23.2.2010 പ്രകാരം ലാന്റ് അക്വിസിഷൻ അതോറിറ്റി നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിയ്ക്കുകയും അക്വിസിഷൻ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാർ അവാർഡ് പാസ്സാക്കുകയും വില നിശ്ചയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം 36,60,000/- രൂപ ഗ്രാമ പഞ്ചായത്ത് സർക്കാറിലേയ്ക്ക് അടവാക്കിയിട്ടുണ്ട്.

| തിയ്യതി | തുക |
|---|---|
| 21.10.2011 | 5,00,000 രൂപ |
| 18.07.2013 | 31,00,000 രൂപ |
| 19.07.2013 | 60,000 രൂപ |

ഗ്രാമ പഞ്ചായത്ത് ഫണ്ട് കൈമാറുന്നിലുണ്ടായ കാല താമസമാണ് അവാർഡ് തയ്യാറാക്കുന്നതിന് താമസമുണ്ടാക്കിയിട്ടുള്ളത് എന്ന് 9.07.2013 ലെ എ/235/10 നമ്പറിലുള്ള ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാർ ജനറലിന്റെ കത്തിൽ നിന്ന് വ്യക്തമാകുന്നുണ്ട്.

എ.235/10/26.1.2013 നമ്പർ പ്രകാരം അവാർഡ് ലഭ്യമായിട്ടും 2012-13 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി തുക അടവാക്കിയില്ല. സർക്കാറിൽ നിന്ന് തുക അനുവദിയ്ക്കുന്നതിന് സമയം നീട്ടിനൽകാൻ അപേക്ഷിക്കുകയും 2013-14 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി മാത്രം തുക അനുവദിക്കുകയും ചെയ്തു. ഈ പദ്ധതിയ്ക്കായി 2012-13 വർഷത്തെ ബജറ്റിലും പദ്ധതിയിലും തുക മാറ്റി അക്വിസിഷൻ നടപടികൾക്ക് കാല താമസം ഉണ്ടാക്കിയത് ഗ്രാമ പഞ്ചായത്തിന്റെ വീഴ്ചയാണ്.

മേൽ അവാർഡിന് മേൽ ശ്രീ. എ. എം. അബ്ദുള്ള (സ്ഥലം ഉടമ) കോഴിക്കോട് സബ്കോടതിയിൽ (LAR-174/14) നമ്പരായി കേസ് ഫയൽ ചെയ്യുകയും ഹരജിക്കാരന് അനുകൂലമായി വിധിയാകുകയും ചെയ്തു. ഈ വിധി പ്രകാരം 65,52,184 രൂപ കൂടി സ്ഥലമുടമയ്ക്ക് നൽകണമെന്ന് വിധിയായിട്ടുണ്ട്. ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാർ എതിർ കക്ഷിയായുള്ള ഈ കേസിൽ ഗ്രാമ പഞ്ചായത്തിനെ എതിർ കക്ഷിയായി ചേർക്കുകയോ ഗ്രാമ പഞ്ചായത്തിന്റെ അഭിപ്രായം തേടുകയോ ചെയ്തിട്ടില്ല. ഈ വിധിയ്ക്കെതിരെ ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാർ 289/17 നമ്പരായി ഹൈക്കോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ട്. EP_497/2016 നമ്പറായി ഈ തുക വസൂൽ ചെയ്ത് കിട്ടുന്നതിന് ശ്രീ. അബ്ദുള്ള ഹരജി നൽകിയിരുന്നു. ഇതിന്റെ ഫലമായി ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാരിന്റെ ആസ്തി ജപ്തി ചെയ്ത് ഹരജിക്കാരന് തുക നൽകണം എന്ന സാഹചര്യം വന്നപ്പോഴാണ് 1.3.2019 ന് ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാർ B2/LAR/174/2014 നമ്പർ കത്തിലൂടെ ശ്രീ. അബ്ദുള്ളയ്ക്ക് നൽകാൻ വിധിയായ 65,52,184 രൂപയുടെ 50% കെട്ടി വയ്ക്കണമെന്ന് ഗ്രാമ പഞ്ചായത്തിനെ അറിയിക്കുന്നത് . ഈ വിഷയത്തിൽ 16.04.2019 ൽ ചേർന്ന ഭരണ സമിതി യോഗ തീരുമാന പ്രകാരം ഗവൺമെന്റ് പ്ലീഡറുടെ ഉപദേശം തേടുകയും അടിയന്തിരമായി തുക അടവാക്കുന്നതാണ് ഉചിതമെന്ന് നിയമോപദേശം ലഭിയ്ക്കുകയും ചെയ്തു. തുക അടയ്ക്കാത്ത പക്ഷം 15% പലിശ സഹിതം തുക അടയ്ക്കേണ്ടി വരും. തുക അടയ്ക്കുന്നതാണ് ഉചിതം എന്നുള്ള സെക്രട്ടറിയുടെ തീരുമാനത്തെ എതിർത്തു കൊണ്ട് 4.2.2020

ന് ചേർന്നിട്ടുള്ള ഭരണ സമിതിയോഗത്തിൽ വച്ച് സെക്രട്ടറിയുടെ വിയോജനക്കുറിപ്പോടെ അപ്പീൽ കേസിന്റെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിയ്ക്കാൻ ഗ്രാമ പഞ്ചായത്ത് തീരുമാനിച്ചു. ഈ വിഷയത്തിലെ താഴെ പറയുന്ന വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1. ഗ്രാമ പഞ്ചായത്തിന് വലിയ ബാധ്യതയായിരുന്ന മേൽ വിഷയത്തിൻ 4-2-2020 ന ശേഷം എടുത്തിട്ടുള്ള നടപടികൾ അറിയിക്കേണ്ടതാണ്.

2. 2013 ൽ അവാർഡ് ആയി ലഭിച്ച സ്ഥലം നാളിതു വരെ സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3. ഈ സ്ഥലം ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4. കേസിന്റേയും സ്ഥലത്തിന്റേയും നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

## 1-23 ഗ്രാമ പഞ്ചായത്തിലെ ക്വാറികളുടെ പ്രവർത്തനം - പരാതികൾ സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിലെ പരാതി ഫയലുകൾ പരിശോധിച്ചതിൽ 4, 5, 6, 7 വാർഡുകളിലായി പ്രവർത്തിക്കുന്ന ക്വാറികൾ, ക്രഷറുകൾ, എം - സാന്റ് യൂണിറ്റുകൾ എന്നിവയ്ക്കെതിരെ ധാരാളം പരാതികൾ ലഭിയ്ക്കുന്നുണ്ട്. വീടിന് വിള്ളലുകൾ സംഭവിക്കുന്നു, അന്തരീക്ഷ മലിനീകരണം, ശബ്ദ മലിനീകരണം എന്നീ വിഷയങ്ങളിലാണ് പരാതികൾ ലഭിക്കുന്നത്. പരാതികൾ ഭരണ സമിതി പരിശോധിക്കുകയും ചില പരാതികൾ ജില്ലാ കളക്ടർ ചെയർമാനായ കമ്മിറ്റിയ്ക്ക് കൈമാറാൻ തീരുമാനമെടുക്കുകയും ചിലത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിശോധനാ റിപ്പോർട്ടിനായി സമർപ്പിക്കുകയും ചിലതിൽ ക്രഷർ, ക്വാറി ഉടമകളെ ഓഫീസിലേയ്ക്ക് വിളിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ഓരോ പരാതികളിലും സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ ഫയലിൽ വ്യക്തമാകുന്നില്ല. പരിസ്ഥിതി ആരോഗ്യ രക്ഷകമാക്കി സംരക്ഷിക്കുക എന്ന ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതല സംരക്ഷിക്കുന്നതിൽ ഗ്രാമ പഞ്ചായത്തിന് വീഴ്ചയുണ്ടായോ എന്ന് ഈ പരാതികളിൽ നിന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ക്വാറികളുടെ പ്രവർത്തനം സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്വറികൾക്കെല്ലാം 15.03.2010 ലെ 78327/ ആർ.സി -3/2009/ത.സ്വ.ഭ.വ സർക്കുലർ പ്രകാരമുള്ള എല്ലാ രേഖകളും ലഭ്യമാക്കിയിട്ടാണോ ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

2. 21.2.2014 ലെ ജി.ഒ.(എം.എസ്)214/ഇ.എൽ.വി.ടി നമ്പർ ഉത്തരവു പ്രകാരമുള്ള പാരിസ്ഥിതികാനുമതികൾ ലഭ്യമായിട്ടുണ്ടോ.

3. ക്വാറികൾക്കെതിരെ ലഭിച്ചിട്ടുള്ള പരാതികളിൽ സ്വീകരിച്ചിട്ടുള്ള അന്തിമ നടപടികൾ വിശദീകരിക്കേണ്ടതാണ്.

## 1-24 സംയുക്ത പ്രോജക്ട് നടപ്പിലാക്കുന്നതിന് ലഭിച്ച തുക വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു

സംയുക്ത പ്രൊജക്ട് നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുള്ള ഫണ്ട് സമയബന്ധിതമായി വിനിയോഗിക്കാതെ/പൂർണ്ണമായി ചെലവഴിക്കാതെ, സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. 13ാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സംയുക്ത പ്രൊജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.01.2017 ലെ സ. ഉ. (പി) 7/2017/ഫിൻ. നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളനുസരിച്ചായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1) ധനസഹായം നല്കുന്ന തദ്ദേശ സ്ഥാപനം വകയിരുത്തിയ തുക മുഴുവൻ ഒറ്റ ഗഡുവായി സെപ്റ്റംബർ 30 ന മുമ്പേ സംയുക്ത പ്രൊജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സ്പെഷൽ ടി. എസ്. ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.

2) നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രൊജക്ടിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള ബാലൻസ് തുക കണക്കാക്കി ആയത് ധനസഹായം നല്കിയ തദ്ദേശ സ്ഥാപനത്തിന്, മേൽ തുക മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ മേൽ സ്ഥാപനത്തിന് കഴിയും വിധം, ഫെബ്രുവരി 28 ന മുമ്പേ തിരിച്ചു നൽകേണ്ടതുമാണ്.

3) നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷൽ ടി. എസ്. ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക

കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്.

4) സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ സംയുക്ത പ്രൊജക്ട് പൂർത്തീകരിച്ചില്ലെങ്കിൽ, സ്പിൽ ഓവർ ബാധ്യത പങ്കെടുക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ ഷെയർ ചെയ്ത്, സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി അടുത്ത വർഷം ലഭ്യമാകുന്ന അലോട്ട്മെന്റിൽ നിന്നും വഹിക്കാവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ലൈഫ് പദ്ധതിയ്ക്കായി സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച 15,58,395/- രൂപ തിരിച്ചടക്കാതെ അവശേഷിക്കുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-25 മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി, അഡ്വാൻസ് രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. വിശദ വിവരം താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തുക | കൈപ്പറ്റിയ ആളുടെ പേര് | റിമാർക്സ് |
|---|---|---|---|---|
| 1 | 1055472/ 14.01.2017 | 1,50,000 | കേരള ജല അതോറിറ്റി | ചാത്തപറമ്പ് പൈപ്പ് ലൈൻ നീട്ടൽ |
| 2 | 21900907,8,9/ 18.03.2020 | 85,000 | ടി | പൈപ്പ് ലൈൻ നീട്ടൽ |
| 3 | 200800815652 /16.11.2018 | 1,17,889 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ വലിക്കൽ |
| 4 | 26/3.9.2011 | 6,800 | ശ്രീമതി. ഷൈനി. പി, എൽ.ഡി.സി | ഓണം അഡ്വാൻസ് |
| 5 | 49/29.5.2010 | 1,000 | ശ്രീ. രഘുനാഥ്, സെക്രട്ടറി | യാത്രാബത്ത അഡ്വാൻസ് |
| 6 | 45/23.6.2010 | 1,000 | ശ്രീ. രഘുനാഥ്, സെക്രട്ടറി | യാത്രാബത്ത അഡ്വാൻസ് |
| 7 | 15/6.7.2010 | 1,000 | ശ്രീ. രഘുനാഥ്, സെക്രട്ടറി | യാത്രാബത്ത അഡ്വാൻസ് |
| 8 | 85/29.12.2010 | 1,000 | ശ്രീ. രഘുനാഥ്, സെക്രട്ടറി | യാത്രാബത്ത അഡ്വാൻസ് |
| 10 | 21800362/ 2018-19 | 1,000 | ശ്രീ. മുഹമ്മദ് അഷറഫ്, ഡ്രൈവർ | ഓണം അഡ്വാൻസ് |
| 11 | 21900394/ 4.9.2019 | 3,000 | ശ്രീ. ബഷീർ. എൻ. (ഒ. എ) | ഓണം അഡ്വാൻസ് |

മുൻകൂറുകൾ നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും തുകകൾ തിരിച്ചുപിടിക്കാത്തതിന് / അഡ്ജസ്റ്റ് ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-26 പട്ടിക വർഗ്ഗവിഭാഗങ്ങൾക്ക് വേണ്ടി പദ്ധതികൾ നടപ്പിലാക്കുന്നില്ല

സമൂഹത്തിന്റെ താഴെക്കിടയിൽ സ്ഥിതി ചെയ്യുന്ന പട്ടിക വർഗ്ഗ വിഭാഗത്തിലെ ഗുണഭോക്താക്കളെ ലക്ഷ്യമാക്കി പദ്ധതികൾ നടപ്പിലാക്കേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ ചുമതലയാണ്. ഗ്രാമ പഞ്ചായത്തിൽ 5 കുടുംബങ്ങളിലായി 26 പട്ടിക വർഗ്ഗ ഗുണഭോക്താക്കൾ ഉണ്ട് . ഇവർക്കുള്ള യാതൊരു പദ്ധതി നിർദ്ദേശങ്ങളും വർക്കിങ് ഗ്രൂപ്പ് തയ്യാറാക്കിയതായി കാണുന്നില്ല. ഈ വിഭാഗങ്ങൾക്കായി പ്രത്യേകം നടത്താൻ നിർദ്ദേശമുള്ള ഊരുകൂട്ടയോഗങ്ങൾ നടത്തിയിട്ടില്ല. ( മിനട്സ് ബുക്ക് ലഭ്യമാക്കിയിട്ടില്ല ) വികസന ഫണ്ട് ടി. എസ്. പി വിഹിതമായി 1,30,000 രൂപ ലഭിച്ചിട്ടുണ്ട്. ഇത് ഭവനനിർമ്മാണ പദ്ധതിയ്ക്കും കുടിവെള്ള പദ്ധതിയ്ക്കും വകയിരുത്തിയിട്ടുണ്ടെങ്കിലും തുകയൊന്നും ചെലവഴിയ്ക്കാതെ ആ തുക ലാപ്സായിപ്പോയ സാഹചര്യം ഉണ്ടായിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-27 ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട നിരാലംബരും നിരാശ്രയരും അടിസ്ഥാന ജീവിതോപാധികൾ നിഷേധിക്കപ്പെട്ടവരുമായ കുടുംബങ്ങൾക്ക് ഭൂമി, വീട്, കക്കൂസ്, തൊഴിൽ, കുടിവെള്ളം, ഭക്ഷണം, ചികിൽസ, വിദ്യാഭ്യാസം എന്നിവ ലഭ്യമാക്കി സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് അവരെ ഉയർത്തിക്കൊണ്ടുവരുക

എന്നതാണ് ലക്ഷ്യം. ഗ്രാമപഞ്ചായത്തിലെ ആശ്രയ ഗുണഭോക്തൃ ലിസ്റ്റിലെ വീട് ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് മുഴുവനും ഭവനം നിർമ്മിച്ച് നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

സ.ഉ(എം.എസ്)22/2018/ത.സ്വ.ഭ.വ തീ. 29.01.2018 ഉത്തരവ് പ്രകാരമുള്ള സബ്സിഡി ധനസഹായ മാർഗ്ഗരേഖ ഖണ്ഡിക 5.2.1(6) പ്രകാരം അഗതി രഹിത കേരളം പദ്ധതിയ്ക്ക് വികസന ഫണ്ടിൽ നിന്നും നിർബന്ധമായും തുക വകയിരുത്തേണ്ടതാണ്. സ.ഉ(എം.എസ്)252/ 2017/ ത.സ്വ.ഭ.വ തീ. 12.12.2017 പ്രകാരം ആശ്രയ പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശ പ്രകാരം സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭവന രഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമി യുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവനനിർമ്മാണ സഹായം നൽകിയതിനു ശേഷം മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. 14.09.2018 ലെ സ.ഉ(എം.എസ്)/128/2018/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഭവന രഹിതരായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തണമെന്നും ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ ഈ ഗുണഭോക്താക്കൾക്ക് പ്രഥമ പരിഗണന നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിലെ അഗതി കേരളം പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ഭവനം ആവശ്യമുള്ളതും, നിലവിലും ഭവനനിർമ്മാണ പദ്ധതികളിൽ പരിഗണിക്കപ്പെടാത്തവരുമായ 3 ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരു വിവരം | വാർഡ് നം. |
|---|---|---|
| 1 | ശ്രീമതി. സാബിറ നീരോലിപ്പിൽ | 3 |
| 2 | ശ്രീ. വിഷ്ണു തെറ്റാപുരം | 5 |
| 3 | ശ്രീ. കൃഷ്ണൻ | 3 |

ആശ്രയ ഗുണഭോക്താക്കളെ ഭവന നിർമ്മാണ പദ്ധതി നടത്തിപ്പിൽ പരിഗണിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-28 നിക്ഷേപ പ്രവൃത്തികൾ - അപാകതകൾ

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി കേരളാ വാട്ടർ അതോറിറ്റി മുഖേന താഴെപ്പറയുന്ന നിക്ഷേപ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

| പ്രോജക്റ്റ് നമ്പർ | എസ്. 0008/20 | എസ്. 0254/20 |
|---|---|---|
| പ്രോജക്റ്റ് | എല്ലങ്ങൽ പൈപ്പ് ലൈൻ നീട്ടൽ | ഉച്ചക്കാവ് - ആനപ്പാറ പൈപ്പ് ലൈൻ നീട്ടൽ |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| വകയിരുത്തിയ തുക | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 50,000 രൂപ<br>തനത് ഫണ്ട് - 10,000 രൂപ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 1,50,000 രൂപ<br>തനത് ഫണ്ട് - 20,000 രൂപ |
| ചെലവഴിച്ച തുക | 50,000 രൂപ - ബിൽ നമ്പർ 21/19-20 തീയതി 28.2.2020<br>10,000 രൂപ - ഓൺലൈൻ ട്രാൻസ്ഫർ തീയതി 15.3.2020 | 20,000 രൂപ - ഓൺലൈൻ ട്രാൻസ്ഫർ തീയതി 15.3.2020 |

മേൽ പ്രകാരം നടപ്പാക്കിയ നിക്ഷേപ പ്രവൃത്തികളിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. കരാർ ചമച്ചില്ല.

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ – സ. ഉ. ( കൈ ) നം. 11/2018/ത. സ്വ. ഭ. വ തീയതി 29.1.2018 ഖണ്ഡിക 11. 2. ഡി. ( li ) പ്രകാരം നിക്ഷേപ പ്രവൃത്തികൾ നടത്തുമ്പോൾ തദ്ദേശ ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ തുക മുൻകൂർ നൽകാൻ പാടുള്ളൂ. എന്നാൽ മേൽ പ്രകാരമുള്ള രണ്ട് പ്രോജക്ടുകളിലും കേരളാ വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെടാതെ തന്നെ തുക മുൻകൂർ ആയി നൽകുകയായിരുന്നു.

2) പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമല്ല.

മേൽ രണ്ട് പ്രോജക്ടുകളിലും കേരളാ വാട്ടർ അതോറിറ്റിക്ക് തുക മുൻകൂറായി നൽകിയെങ്കിലും ഈ പ്രവൃത്തികളുടെ പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമായിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 2/2019-20 തീയതി 23.06.2021 ) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ കരാർ ചമയ്ക്കാൻ വിട്ടു പോയതാണെന്നും പ്രവൃത്തികളുടെ പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമായിട്ടില്ല എന്നും അറിയിച്ചു. രേഖകളുടെ അഭാവത്തിൽ മേൽ പ്രോജക്ടുകൾ പ്രകാരമുള്ള 80,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 മൃഗാശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ - യു. പി. എസ്. നാളിതു വരെ ലഭിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0088/20 |
| പ്രോജക്ട് | പന്നിക്കോട് മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ |
| വകയിരുത്തിയ തുക | നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് - 60,000 രൂപ<br>തനത് ഫണ്ട് - 10,000 രൂപ |
| ചെലവഴിച്ച തുക | 45,637 രൂപ - ബിൽ നമ്പർ 2/19-20 തീയതി 12.11.2019<br>14,363 രൂപ - ബിൽ നമ്പർ 11/19-20 തീയതി 31.3.2020<br>5,129 രൂപ – ഓൺലൈൻ ട്രാൻസ്ഫർ തീയതി 16.3.2020 |

പന്നിക്കോട് മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സി. പി. ആർ. സി. എസ് മുഖേന വാങ്ങുന്നതിനായി തയ്യാറാക്കിയ പ്രോജക്ടാണ് ഇത്. ആയതിൽ നാളിതുവരെയായി യു. പി. എസ് ഒഴികെയുള്ള എല്ലാ ഉപകരണങ്ങളും ലഭിച്ചു. 14,363/- രൂപ വിലയുള്ള യു. പി. എസ്. ഓഡിറ്റ് തീയതിയിലും ലഭ്യമായിട്ടില്ല. ആയത് അടിയന്തിരമായി ലഭ്യമാക്കി അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 3/2019-20 തീയതി 25.06.2021 ) മറുപടി ലഭ്യമാക്കിയിട്ടില്ല. യു. പി. എസ്. ലഭ്യമാവാത്ത സാഹചര്യത്തിൽ ഈയിനത്തിലുള്ള 14,363/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-30 എസ്സ്. എസ്സ്. എ .വിഹിതം കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

പ്രൊജക്ട് നമ്പർ – 89/19-20

ബിൽ നം. / തുക – 1/19-20/1-8-2019

ഫണ്ട് – വികസന ഫണ്ട് – 5,00,000/- രൂപ

കൊടിയത്തൂർ ഗ്രാമ പഞ്ചായത്തിൽ എസ്സ്. എസ്സ്. എ വിഹിതമായി മേൽ സൂചിപ്പിച്ച പ്രകാരമുള്ള തുക കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്രൊജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം വഹിച്ച പങ്ക്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-31 ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

1) പ്രൊജക്റ്റ് നം. 132 /19-20, ഭവന നിർമ്മാണം – ജനറൽ

അടങ്കൽ – 1,35,00,000 രൂപ

ചെലവ് തുക – 88,40,000 രൂപ

മേൽ പ്രൊജക്ടു പ്രകാരം ഗ്രാമ പഞ്ചായത്തിൽ 56 പേർക്ക് ഭവന നിർമ്മാണത്തിനു വേണ്ടി തുക കൈമാറിയിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന 3 പേർ ഓഡിറ്റ് കാലയളവ് വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | കൈപ്പറ്റിയ തുക, തീയതി |
|---|---|---|
| 1 | ശ്രീമതി. കുമാരി | 3,00,000/28.1.2020 |
| 2 | ശ്രീമതി. സാറ | 40,000/ 8-8-2018 |
| 3 | ശ്രീമതി. കദീജ | 3,00,000 /30-10-2019 |

2) പ്രൊജക്റ്റ് നം. – 131 /19-20 – ഭവന നിർമ്മാണം – എസ്സ്. സി

അടങ്കൽ - 67,90,000 രൂപ

ചെലവ് തുക - 37,90,000 രൂപ

14 പേർക്ക് തുക കൈമാറിയതിൽ 11 പേർ പണി പൂർത്തിയാക്കിയില്ല.

| ക്രമ നമ്പർ | പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ശ്രീമതി. ഷിജിന | 3,00,000/23-6-20 |
| 2 | ശ്രീമതി. ജീന | 3,00,000 / 23-6-20 |
| 3 | ശ്രീമതി. പുഷ്പ | 3,00,000/9.7.20 |
| 4 | ശ്രീമതി. ബിജിത | 3,00,000/23.6.20 |
| 5 | ശ്രീമതി. ഡയാന | 3,00,000/8.2.21 |
| 6 | ശ്രീമതി. നീതു | 3,00,000/21.8.20 |
| 7 | ശ്രീമതി. ഗീത | 3,00,000/18.1.21 |
| 8 | ശ്രീമതി. വിനീത എസ്. പി | 40,000/24.3.20 |
| 9 | ശ്രീമതി. സരോജിനി | 3,00,000/21.8.20 |
| 10 | ശ്രീമതി. കുറിഞ്ഞി എം | 3,00,000/18.1.21 |
| 11 | ശ്രീമതി. കോല്ലത്തി | 3,00,000/8.2.21 |

ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-32 എസ്സ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകൽ - പദ്ധതി നിർവഹണത്തിലെ അപാകത

പ്രൊജക്റ്റ് നം. 90 /19-20

ബിൽ നം. – 2/7.11.2019 - 3,19,804 രൂപ ( വി. ഫണ്ട് ( എസ്സ്. സി. പി ))

നിർവഹണം – ഹെഡ്മാസ്റ്റർ

കൊടിയത്തൂർ ഗ്രാമ പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ എസ്സ്. സി. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ എന്ന പ്രൊജക്റ്റിന്റെ ഭാഗമായി 76 മേശ, കസേര എന്നിവ കാഡ്കോയിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ആറ് ഗവൺമെന്റ് സ്കൂളുകൾക്കും മൂന്ന് എയ്ഡഡ് സ്കൂളുകൾക്കുമാണ് ഇവ വിതരണം ചെയ്തു കാണുന്നത്. സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ. തിയ്യതി. 29.1.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സി.എച്ച്. മെമ്മോറിയൽ എൽ. പി. സ്കൂൾ, സൗത്ത് കൊടിയത്തൂർ എ. യു. പി സ്കൂൾ, എ. യു. പി. സ്കൂൾ പന്നിക്കോട് എന്നീ പ്രൈവറ്റ് സ്കൂളുകൾക്ക് മേശ, കസേര എന്നിവ വിതരണം ചെയ്തത് വിശദീകരിക്കാൻ

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിലുള്ള മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 പദ്ധതി സമയബന്ധിതമായി നടപ്പിലാക്കിയില്ല - പിഴ ഈടാക്കാതെ തുക നൽകി

| | |
|---|---|
| പദ്ധതിയുടെ പേര്, നമ്പർ | കണ്ടങ്ങൽ – കണ്ണംപറമ്പ് റോഡ് റി – ടാറിംഗ് - 218/19-20 |
| അടങ്കൽ | 3,47,853/- രൂപ (എം.ജി.ആർ) |
| ചെലവ് | 3,47,853/- രൂപ |
| ബിൽ നമ്പർ | 25/2019-20 – 3,47,853/- 19.08.2019 |
| കോൺട്രാക്ടർ | ശ്രീ. അബ്ദുൾ നിസ്സാം. എം. ടി |
| കരാർ | എ. ഇ/35/17-18 – 18.01.2018 |
| എം. ബുക്ക് നമ്പർ | 242/18-19 |

കണ്ടങ്ങൽ – കണ്ണംപറമ്പ് റോഡ് ചെയിനേജ് 0/304 മുതൽ 0/573 വരെയും 0/634 മുതൽ 0/919 വരെയുള്ള ഭാഗം റീടാർ ചെയ്യുന്നതിനാണ് തുക വകയിരുത്തിയത്. ഫയലിൽ കരാറുകാരന് സൈറ്റ് കൈമാറിയതിന്റെ രേഖയില്ല. കരാറിൽ പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തിയിട്ടില്ല. 2018-19-ലെ 134/18-19 നമ്പർ പദ്ധതിയാണ് 2019-20-ൽ 218/19-20 നമ്പർ പദ്ധതിയായി നടപ്പിലാക്കിയത്. പ്രൊജക്ടിൽ പദ്ധതി പൂർത്തീകരണ കാലയളവ് 30.03.2018 ആയാണ് കാണിച്ചിട്ടുള്ളത്. സാങ്കേതിക അനുമതി പത്രം പ്രകാരം പൂർത്തീകരണ കാലയളവ് 6 മാസമാണ്. കരാർ വെച്ച് 6 മാസത്തിനകം അതായത് 17.06.2018 – നകം പ്രവർത്തി പൂർത്തീകരിക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ എം. ബുക്ക് പ്രകാരം പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളത് 21.01.2019 – ന് മാത്രമാണ്. അതായത് 6 മാസം അധികം എടുത്താണ് പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളത്. പ്രവർത്തി സമയം നീട്ടി കിട്ടുന്നതിന് കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകിയിട്ടില്ല. പ്രവർത്തി സമയബന്ധിതമായി പൂർത്തിയാക്കാത്തതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നിയമാനുസൃത നടപടികളൊന്നും സ്വീകരിച്ചിട്ടുമില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ( 08/2019-20 തീയതി 24.06.2021 ) മറുപടി ലഭ്യമാക്കിയില്ല.

തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 – ലെ എ.സി2/223/15. ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവർത്തി പൂർത്തീകരിക്കാത്ത പക്ഷം ആദ്യത്തെ മൂന്ന് മാസത്തേക്ക് കരാർ തുകയുടെ 1% വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തേക്കും കരാർ തുകയുടെ 2% – വും പിഴ ഈടാക്കേണ്ടതാണ്. എന്നാൽ പിഴ ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകുകയാണ് ചെയ്തത്. കരാറുകാരനിൽ നിന്നും ഈടാക്കേണ്ട പിഴയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| 1) ആദ്യ മൂന്ന് മാസത്തേക്ക് ( 1%) | 3,47,853*.01 = 3,478/- |
| 2) അടുത്ത മൂന്ന് മാസത്തേക്ക്( 2%) | 347853*.02 = 6,956/- |
| ആകെ | 10,434/- |

പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാത്തതിന് ഈടാക്കേണ്ട പിഴ തുകയായ 10,434/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കാതെ ബിൽ പ്രകാരമുള്ള മുഴുവൻ തുകയും നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും പിഴ തുക ഈടാക്കി അറിയിക്കേണ്ടതും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## ഭാഗം -4

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 21.06.2021, 22.06.2021 | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

## 4-2 സംയുക്ത പ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

2019-20 വർഷത്തിൽ സംയുക്ത പ്രോജക്കുകളുടെ നടത്തിപ്പിനായി ലഭിച്ച തുകയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്കിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 18,63,195 | ലൈഫ് | 3,04,800 | 15,58,395 |
| | | 1,75,000 | നെൽകൃഷി കൂലിചെലവ് | 1,75,000 | -- |
| | | 3,00,000 | കാലിതീറ്റ സബ്സിഡി | 3,00,000 | -- |
| | | 6,50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 6,50,000 | -- |
| | | 3,00,000 | പാലിന് സബ്സിഡി | 3,00,000 | -- |
| | | 25,000 | നെൽകൃഷി ബോണസ് | 25,000 | -- |
| ജില്ലാ പഞ്ചായത്ത് 2019-20 | | 9,00,000 | ലൈഫ് | 9,00,000 | -- |
| | | 5,75,000 | സ്കോളർഷിപ്പ് | 5,75,000 | -- |
| | | 1,37,500 | മുട്ടഗ്രാമം | 1,37,500 | -- |
| | | 2,10,000 | നെൽകൃഷി | 2,10,000 | -- |
| | | 30,000 | പച്ചക്കറി കൃഷി | 30,000 | -- |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു. (എ.സി.ആർ പ്രകാരം).

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യു.എ | ചാത്തൻപറമ്പ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ 14/18 | 1055472/ 14.01.2017 | 1,50,000 | 1,50,000 | 0 |
| | ഉച്ചക്കാവ് ആനപ്പാറ പൈപ്പ് ലൈൻ നീട്ടൽ 254/20 | 121900907/18.03.20 | 20,000 | 0 | 20,000 |
| | എള്ളങ്ങൽ പൈപ്പ് ലൈൻ നീട്ടൽ 8/20 | 21900908/18.03.20 | 60,000 | 0 | 60,000 |
| | ചാത്തൻപറമ്പ് കോഴിക്കളം പൈപ്പ് ലൈൻ നീട്ടൽ | 21900909/20.03.20 | 5,000 | 0 | 5,000 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് | 16.11.2018 | 7,59,349 | 6,41,460 | 1,17,889 |

| | | | | | |
|---|---|---|---|---|---|
| | ലൈൻ വലിക്കൽ 13/18 | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവനം | 207/2009/7.11.2009 | | 19,31,508 | 2,50,000 | 0 | 16,81,508 |
| ലൈഫ് ഭവന പദ്ധതി KURDFC | 511/2018/02.01.19 | 17,00,000 | 1,03,43,917 | 1033328 | 0 | 11010589 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന | 1452559 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1452559 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1452059 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 3 | മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ (ഷെയർ) | | | 500 | |
| ആകെ | | | | 500 | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2017-18 | 2-2(3) | 360 | ശ്രീ. നിസാമുദ്ദീൻ തെഞ്ചേരി | 119010100395/21.05.2019 |
| 2017-18 | 2-1 | 3,150 | ശ്രീ. അബ്ദു റഹിമാൻ, തിരിക്കോട്ട് | 119010100882/12.07.2019 |
| 2017-18 | 2-1 (13) | 2,490 | ശ്രീ. ബി. പി. സിദ്ധിഖ് ഹാജി, ചേലുപ്പാറ | 119010101093/3.08.2019 |
| 2017-18 | 2-2 | 1,640 | ശ്രീ. ബി. പി. സിദ്ധിഖ് ഹാജി, ചേലുപ്പാറ | 119010101094/3.08.2019 |
| 2017-18 | 2-2 | 8,550 | ശ്രീ. ബി. പി. സിദ്ധിഖ് ഹാജി, ചേലുപ്പാറ | 119010101095/3.08.2019 |
| 2017-18 | 2-1(13) | 2,500 | ശ്രീ. ബി. പി. സിദ്ധിഖ് ഹാജി, ചേലുപ്പാറ | 119010101096/3.08.2019 |
| 2017-18 | 2-2(3B) | 600 | സെക്രട്ടറി, കൊടിയത്തൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 119010101220/26.08.2019 |
| 2017-18 | 2-2(3B) | 360 | സെക്രട്ടറി, കൊടിയത്തൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 119010101221/26.08.2019 |
| 2017-18 | 2-2(3B) | 360 | സെക്രട്ടറി, കൊടിയത്തൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 119010101222/26.08.2019 |
| 2017-18 | 2-2(3B) | 600 | സെക്രട്ടറി, കൊടിയത്തൂർ സർവ്വീസ് | 119010101223/26.08.2020 |

| | | | | |
|---|---|---|---|---|
| | | | കോപ്പറേറ്റീവ് ബാങ്ക് | |
| 2017-18 | 2-3 | 360 | ശ്രീനാഥ് എറണ്ടത്ത് | 119010103676/21.07.2020 |
| ആകെ | | 20,970 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | | 2001-02 | 11.2 | മണൽ ലേല തുക ഇളവുചെയ്യൽ | പഞ്ചായത്തിന്റെ തുടർനടപടി റിപ്പോർട്ട് അയയ്ക്കാത്തപക്ഷം പഞ്ചായത്ത് സമിതി അംഗങ്ങളിൽ നിന്നും തുക ഈടാക്കി റിപ്പോർട്ട്ചെയ്യാൻ നിർദ്ദേശിച്ചു |
| 1999-2000 | 37 | 2003-04 (പൊതു പരാമർശം) | 11.13.5.8 | മൈത്രി ഭവനപദ്ധതി | |
| 2000-01 | 25, 29 (A) | 2003-04 (പൊതു പരാമർശം) | 11.13.7.12 | നികുതി പിരിവിലെ അലംഭാവം | |
| 2001-02 | | 2005-06 | 2.70.1.7.3 | RMFഔദ്യോഗിക രസീതിയില്ല | എൽ.എഫ്.എ.സി. 2014-16 (51)റിപ്പോർട്ട് ഖണ്ഡിക 21 (ഒഴിവാക്കാൻ ശുപാർശ ചെയ്തു) |
| 2001-02 | 3-11 | 2005-06 | 2.70.1.9.9 | കർഷക തൊഴിലാളി പെൻഷൻ | (ഒഴിവാക്കാൻ ശുപാർശ ചെയ്തു) |
| 2001-02 | 3-12 | 2005-06 | 2.70.1.9.10 | വികലാംഗ പെൻഷൻ | (ഒഴിവാക്കാൻ ശുപാർശ ചെയ്തു) |
| 2001-02 | 3-13 | 2005-06 | 2.70.1.9.11 | തൊഴിലില്ലായ്മ വേതനം | (ഒഴിവാക്കാൻ ശുപാർശ ചെയ്തു) |
| 2001-02 | 2-2,2-4 | 2005-06 | 2.70.1.13.4ഇല്ല | തനത് വരവ് കാലഹരണപ്പെട്ട | (ഒഴിവാക്കാൻ ശുപാർശ ചെയ്തു) |
| 2001-02 | | 2005-06 | 2.70.1.14.17 | നികുതി പിരിവിലെ അലംഭാവം | (ഒഴിവാക്കാൻ ശുപാർശ ചെയ്തു) |
| 2002-03 | 2-8 | 2006-07 (പൊതു പരാമർശം) | 3.79.1.7 | നികുതി കാലഹരണം | |
| 2002-03 | 2-9 | 2006-07 (പൊതു പരാമർശം) | 3.79.5.2 | വാട്ടർചാർജ്ജ് | |
| 2002-03 | 3-5 | 2006-07 (പൊതു പരാമർശം) | 3.79.6.1 | മണൽ വിൽപന | |

| | | | | | |
|---|---|---|---|---|---|
| 2002-03 | 3-8 | 2006-07 (പൊതു പരാമർശം) | 3.79.17.1 | വീട്റിപ്പയർ പ്രവൃത്തി പൂർത്തിയാക്കിയില്ല | |
| 2002-03 | 3-9 | 2006-07 (പൊതു പരാമർശം) | 3.79.18.2 | സാംസ്കാരിക നിലയം | |
| 2002-03 | 3-10 | 2006-07 (പൊതു പരാമർശം) | 3.79.18.3 | റോഡ് പ്രവൃത്തി പൂർത്തിയാക്കിയില്ല | |
| 2002-03 | 3-3 (എ) | 2006-07 (പൊതു പരാമർശം) | 3.79.19.10 | റോഡ് ടാറിംഗ് അധിക നിരക്ക് | |
| 2002-03 | 3-3 (ബി) | 2006-07 (പൊതു പരാമർശം) | | റോഡ് ടാറിംഗ് അധിക നിരക്ക് | |
| 2002-03 | 3-2 | 2006-07 (പൊതു പരാമർശം) | ഇല്ല3.79.19.10 | കരിക്കാട് റോഡ് അധിക നിരക്ക് | |
| 2002-03 | 3-4 | 2006-07 (പൊതു പരാമർശം) | 3.79.19.10 | കുളങ്ങര മുപ്പരിച്ചാൽ റോഡ് | |
| 2002-03 | 3-11 | 2006-07 (പൊതു പരാമർശം) | 3.79.19.10 | എസ്.സി.കോളനി റോഡ് അധിക നിരക്ക് | |
| 2007-08 | 3-1 | 2010-11 | 5.8.3.1 | ആസ്തികളുടെ പരിപാലനം | |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-3 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,17,62,957 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,19,67,732 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10434 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 26,40,255 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചെലവ് സർ ചാർജ് ചെയ്യാവുന്ന തുക | പേരും ഉദ്യോഗപ്പേരും | | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം |
|---|---|---|---|---|
| 3-2 | 10,434 | ശ്രീ. രാജേഷ്. എൻ, അസി. എഞ്ചിനീയർ | | അസി. എഞ്ചിനീയർ, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് |
| ആകെ | 10,434 | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 4,80,000 | ശ്രീ. രാജേഷ്. എൻ, അസി. എഞ്ചിനീയർ, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് |
| 1-16 | 10,91,426 | ശ്രീ. രാജേഷ്. എൻ, അസി. എഞ്ചിനീയർ, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് |
| 1-20 | 4,74,466 | ശ്രീ. രാജേഷ്. എൻ, അസി. എഞ്ചിനീയർ, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് |
| 1-28 | 80,000 | ശ്രീ. സന്തോഷ്. ടി, സെക്രട്ടറി, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് |
| 1-29 | 14,363 | ഡോ. അനീഷ് കുമാർ, വെറ്ററിനറി സർജൻ, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് |
| 1-30 | 5,00,000 | ശ്രീ. അബ്ദുൾ കലാം ആസാദ്. പി. എ, ഹെഡ്മാസ്റ്റർ, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് |
| ആകെ | 15,48,829 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രാജേഷ്. എൻ, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് | എൻ. വി. എസ് നിവാസ്, എൻ. ഐ. ടി. ക്യാമ്പസ് പി. ഒ. 673601 - കോഴിക്കോട് |
| ശ്രീ. സന്തോഷ്. ടി, സെക്രട്ടറി, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് | സെക്രട്ടറി, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് | ചമ്മിണി (വീട്) അമ്പലങ്ങാടി ഫറോക്ക് (പി. ഓ) 673661 |
| ഡോ. അനീഷ് കുമാർ, വെറ്ററിനറി സർജൻ, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് | വെറ്ററിനറി സർജൻ, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് | രാഗസുധ, കുറ്റ്യാട്ടിൽ താമരശ്ശേരി |
| ശ്രീ. അബ്ദുൾ കലാം ആസാദ്. പി. എ, ഹെഡ്മാസ്റ്റർ, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് | ഹെഡ്മാസ്റ്റർ, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് | എറക്കോട്ട് (വീട്) പാഴൂർ (പി. ഒ) മാവൂർ -673661 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകൾ |
|---|---|---|---|
| 1998-99 | കെ.എസ്.എ.കെ.കെ.ഡി./ പി3/ 1067/2019 (1)/16.7.2019 | 2 | 27, 29 |
| 1999-2000 | കെ.എസ്.എ.കെ.കെ.ഡി./ പി3/ 1067/2019 (2)/16.7.2019 | 15 | 27, 28, 38, 40, 41, 42, 43, 45,46, 47, 48 (എ,ബി), 49, 55, 58,59 |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി./ പി1/ 530/2020 (1)/30.07.2020 | 4 | 25, 29(എ), 30 (എ), 37 |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി./ പി1/ 530/2020 (2)/30.07.2020 | 1 | 2-6 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി./ പി1/ 530/2020 (4)/30.07.2020 | 11 | 2-8, 2-9, 3-2, 3-3 (എ,ബി), 3-4, 3-5, 3-8, 3-9, 3-10, 3-11 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി./ പി1/ 530/2020 (5)/30.07.2020 | 6 | 2-5, 3-1, 3-6, 3-7, 3-8, 3-10 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി./ പി1/ 530/2020 (6)/30.07.2020 | 11 | 2-1, 2-2, 3-1, 3-8, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി./ പി1/ 530/2020 (7)/30.07.2020 | 6 | 2-5, 3-1, 3-2, 3-4, 3-7,3-8 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി./ പി1/ 530/2020 (8)/30.07.2020 | 13 | 2-2, 2-3, 3-4, 3-6, 3-9, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി./ പി1/ 530/2020 (9)/30.07.2020 | 7 | 3-1, 3-10, 3-20, 3-23, 3-24, 3-28, 3-32 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി./ പി1/ 530/2020 (10)/30.07.2020 | 13 | 2-5, 2-8, 2-9, 3-8, 3-10, 3-13 (3), 3-17, 3-19, 3-21, 3-22, 3-32, 3-33, 3-34, 4-3 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി./ പി1/ 530/2020 (11)/30.07.2020 | 7 | 2-1, 3-1(3), 3-2, 3-3, 3-5, 3-6, 3-7 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി./ പി1/ | 6 | 2-3, 3-1(1, 3, 4), 3-4, 3-5, 3-7, 3-9 |

| | | | |
|---|---|---|---|
| | 530/2020 (12)/30.07.2020 | | |
| 2011-12,<br>2012-13 | കെ.എസ്.എ.കെ.കെ.ഡി./<br>പി1/<br>530/2020 (13)/30.07.2020 | 15 | 3-2, 3-3, 3-4, 3-5, 3-8, 3-9(1), 3-10(1), 3-11, 3-12, 3-13, 3-14, 3-15, 3-17, 3-18,3-22, 3-23 |
| 2013-14,<br>2014-15 | കെ.എസ്.എ.കെ.കെ.ഡി./<br>പി3/<br>1067/2019 (16)/16.7.2019 | 12 | 2-3, 3-2, 3-4, 3-7, 3-8, 3-9,<br>3-10, 3-12, 3-14, 3-15, 3-17, 3-21 |
| 2015-16 | ഇല്ലകെ.എസ്.എ.കെ.കെ.ഡി./<br>പി3/<br>1067/2019 (17)/16.7.2019 | 29 | 2-1 (1) (2), 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-9,<br>3-11, 3-12, 3-13, 3-14, 3-15, 3-18,<br>3-19, 3-20 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./<br>പി3/<br>177/2019 /31.08.2019 | 16 | 2-1 (1),2-1(2), 2-2, 2-3, 2-5, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10,<br>3-11, 3-12, 4-9 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി./<br>പി3/<br>1304/2019 /26.7.2019 | 24 | 1-12, 2-1, 2-1 (ബി, സി), 2-2, 2-3,<br>2-4, 2-5, 3-1, 3-3, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-16, 3-17, 3-18, 3-19, 3-21, 3-22 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി./<br>പി1/<br>1208/2020 /20.02.2021 | 15 | 1-5, 1-6, 1-7, 1-8, 1-9, 1-10, 1-11, 1-12(1)(2), 1-15(2), 1-18, 1-21, 1-28, 1-30, 1-31, 1-32 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്